# വരും നാളുകളിൽ



"സംസ്ഥാനത്തിന്റെ ഉത്തമ താത്പര്യം സംരക്ഷിക്കുന്ന വിദേശവായ്പ മാത്രം സ്വീകരിക്കുക എന്നതാണ് സർക്കാർ നയം.

**വി.എസ്. അച്യുതാനന്ദൻ, മുഖ്യമന്ത്രി**



ടൂറിസം-ഐ.ടി. മേഖലകളെ പണിമുടക്കുകളിൽ നിന്ന് ഒഴിവാക്കാൻ രാഷ്ട്രീയപാർട്ടികളുടെ അഭിപ്രായ സമന്വയം ഉണ്ടാക്കാൻ ശ്രമിക്കും.

**കോടിയേരി ബാലകൃഷ്ണൻ, ആഭ്യന്തരമന്ത്രി**



കാർഷികമേഖലയ്ക്ക് ഊന്നൽ നൽകി, വികസനാസൂത്രണത്തിലും നിർവഹണത്തിലും ഭരണത്തിലും പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കി അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തും.

**പാലൊളി മുഹമ്മദ്കുട്ടി, തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി**



93-ാം ഭരണഭേദഗതിയുടെയും കോടതിവിധികളുടെയും അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ യുക്തിസഹവും ആത്മാർത്ഥവുമായ ശ്രമമാണ് നടക്കുന്നത്. വിദ്യാഭ്യാസരംഗത്ത് സാമൂഹികനീതി ഉറപ്പുവരുത്താനും വിദ്യാഭ്യാസ രംഗത്തെ ചൂഷണവിമുക്തമാക്കാനുമുള്ള സർക്കാരിന്റെ പരിശ്രമങ്ങളിൽ പ്രതിപക്ഷം സഹകരിക്കണം.

**എം.എ. ബേബി, വിദ്യാഭ്യാസ മന്ത്രി**



കേരളത്തിലെ തൊഴിൽരഹിതരായ ബീഡിത്തൊഴിലാളികളുടെ പുനരധിവാസത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കും കേന്ദ്രസഹായത്തോടെ പദ്ധതി നടപ്പാക്കും.

**പി.കെ. ഗുരുദാസൻ, തൊഴിൽമന്ത്രി**



എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു ആശുപത്രി മാതൃകാ ആശുപത്രിയായി വികസിപ്പിക്കുമെന്ന പ്രഖ്യാപനം ഘട്ടംഘട്ടമായി നടപ്പാക്കും. മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രികൾ തുടങ്ങിയവ ഇല്ലാത്ത മണ്ഡലങ്ങളാകും ആദ്യം പരിഗണിയ്ക്കുക.

**പി.കെ. ശ്രീമതിടീച്ചർ, ആരോഗ്യമന്ത്രി**



2010-ഓടെ റവന്യൂകമ്മി ഇല്ലാതാക്കുകയോ ഗണ്യമായി കുറയ്ക്കുകയോ ചെയ്യുക എന്ന ലക്ഷ്യത്തിലൂന്നിയാണ് ഈ വർഷത്തെ ബജറ്റ് അവതരിപ്പിച്ചത്.

**ഡോ. തോമസ് ഐസക്, ധനമന്ത്രി**



സംസ്ഥാനത്തെ നിലവിലുള്ള ഫിഷർമെൻ കോളനികളുടെ നവീകരണത്തിനും പുറമ്പോക്ക് ഭൂമികളിൽ കുടിൽകെട്ടി താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനും സമഗ്രമായ പദ്ധതിയ്ക്ക് രൂപം നൽകും.

**എസ്. ശർമ, ഫിഷറീസ് മന്ത്രി**



അസംസ്കൃത കരിമണലിന്റെ കയറ്റുമതിയ്ക്ക് പകരം അതിൽ നിന്ന് ഉയർന്ന മൂല്യമുള്ള ഉത്പന്നങ്ങൾ ഇവിടെത്തന്നെ ഉണ്ടാക്കണമെന്നാണ് സർക്കാരിന്റെ നിലപാട്.

**എളമരം കരീം, വ്യവസായമന്ത്രി**



കയർസംഘങ്ങളിൽ കെട്ടിക്കിടക്കുന്ന കയർ ഉത്പന്നങ്ങൾ ന്യായവില നല്കി സംഭരിക്കും. കയർത്തൊഴിലാളികളുടെ 31 മാസത്തെ പെൻഷൻ കുടിശ്ശിക ഉടൻ നല്കും. ഇതിൽ 12 മാസത്തെ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

**ജി. സുധാകരൻ, സഹകരണമന്ത്രി**



മുട്ടയ്ക്കും പാലിനും ഇറച്ചിയ്ക്കും വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കാതെ സ്വയംപര്യാപ്തമാകുന്ന ഒരു സംസ്ഥാനമാണ് സർക്കാർ സ്വപ്നം കാണുന്നത്

**സി. ദിവാകരൻ, ഭക്ഷ്യ-മൃഗസംരക്ഷണമന്ത്രി**



സമഗ്രമായ ദുരന്തസാധ്യതാനിവാരണനയം കേരളത്തിൽ നടപ്പാക്കും. ഇതിന്റെ ഭാഗമായി ദുരന്തനിവാരണ അതോറിറ്റി രൂപീകരിക്കും. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എം.എൽ.എ.മാർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള സമിതികൾ സ്ഥിരം സംവിധാനമാക്കും.

**കെ.പി. രാജേന്ദ്രൻ, റവന്യൂമന്ത്രി**



ഒരു വർഷത്തിനകം നാളികേര ഉത്പാദനം ഇരട്ടിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കും. വാണിജ്യ വിളകളുടെ വിലയിടിവ് നിയന്ത്രിക്കുന്നതിന് കേന്ദ്രവാണിജ്യവകുപ്പിൽ സമ്മർദം ചെലുത്തും.

**മുല്ലക്കര രത്നാകരൻ, കൃഷിമന്ത്രി**



ജലവിതരണരംഗത്ത് സ്വകാര്യ വ്യക്തികൾക്ക് കൂടി അവസരം നല്കണമെന്ന ഹൈക്കോടതി ഉത്തരവിനോട് വിയോജിപ്പാണ്. കുടിവെള്ളം കച്ചവടച്ചരക്കാക്കുന്ന സാഹചര്യം സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നില്ല.

**എൻ.കെ. പ്രേമചന്ദ്രൻ, ജലവിഭവമന്ത്രി**"

## നാടിന് ഉത്സവപ്രഹർഷം: വെങ്ങളം മേൽപ്പാലം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

ഉത്സവഛായ കലർന്ന അന്തരീക്ഷത്തിൽ ആയിരങ്ങളുടെ സാന്നിദ്ധ്യത്തിൽ വെങ്ങളം റെയിൽവേ മേൽപ്പാലം മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ ഗതാഗതത്തിന് തുറന്നുകൊടുത്തു. ജില്ലയിൽ ആദ്യമായെത്തിയ മുഖ്യമന്ത്രിയെ മുത്തുക്കുടകളും അഭിവാദ്യങ്ങളുമായി ജനം വരവേറ്റു. റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ നിർമിച്ച 13-ാമത് മേൽപ്പാലമാണിത്. പാലം യാഥാർത്ഥ്യമായതോടെ കോഴിക്കോട്-കൊയിലാണ്ടി റൂട്ടിൽ ഗതാഗതക്കുരുക്ക് പഴങ്കഥയായി.



വെങ്ങളം മേൽപ്പാലം ഉദ്ഘാടനം ചെയ്ത ശേഷം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ മേൽപ്പാലത്തിലൂടെ നടന്നു നീങ്ങുന്നു. മന്ത്രി പി.ജെ. ജോസഫ് സമീപം.

റെയിൽവേയുടെ കാര്യത്തിൽ കേരളത്തോടു കാണിക്കുന്ന അവഗണന അവസാനിപ്പിക്കുവാൻ ഉന്നതതല സംഘം പ്രധാനമന്ത്രിയെയും റെയിൽവേ വകുപ്പ് മന്ത്രിയെയും കണ്ട് ചർച്ച നടത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ചടങ്ങിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.ജെ. ജോസഫ് അധ്യക്ഷത വഹിച്ചു. രണ്ടാംഘട്ടമായി സംസ്ഥാനത്ത് 25 മേൽപ്പാലങ്ങൾ കൂടി പണിയുമെന്ന് അദ്ദേഹം പറഞ്ഞു. വനംവകുപ്പ് മന്ത്രി ബിനോയ് വിശ്വം, മുൻമന്ത്രിമാരായ ഡോ. എം.കെ. മുനീർ, പി.കെ.കെ. ബാവ, അഡ്വ. പി. ശങ്കരൻ, അഡ്വ.പി.സതീദേവി എം.പി., എം.എൽ.എ.മാരായ പി.വിശ്വൻ, എം.കെ. പ്രേംനാഥ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, ജില്ലാ കലക്ടർ രച്നാ ഷാ, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ഗ്യാനേഷ് കുമാർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ റീജിയണൽ മാനേജർ എ.അബ്ദുൾസലാം തുടങ്ങിയവർ സംബന്ധിച്ചു.

റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ റെയിൽവേയുമായി കോസ്റ്റ് ഷെയറിംഗ് പദ്ധതി പ്രകാരം പണിത പാലത്തിന് 4.59 കോടി രൂപയാണ് ചെലവ്. 14 സ്പാനുകളിലായി 442 മീറ്റർ നീളമുള്ള പാലത്തിന്റെ ഇരുഭാഗത്തും 158 മീറ്റർ നീളത്തിൽ സമീപറോഡുകളുമുണ്ട്. പാലത്തിനും സമീപറോഡുകൾക്കും 10.5 മീറ്റർ വീതിയുമുണ്ട്.

വേലായുധൻ,
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോട്